**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **26-07-2021 - ൽ മറുപടിയ്ക്ക്**

**പെരുവെട്ടി, പൊന്തൻ പുഴ മേഖലകളിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരുവെട്ടി, പൊന്തൻപുഴ പ്രദേശങ്ങളിൽ നാല്പതലമുറകളായി താമസിച്ചു വരുന്ന കൈവശകർഷകർക്ക് തങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊന്തൻപുഴ വലിയകാവ് വനഭൂമിയുടെ ജണ്ടയ്ക്ക് വെളിയിലായി വനാതിർത്തിയോട് ചേർന്ന് 104.15 ഹെക്ടർ (257.35 ഏക്കർ) സ്ഥലത്ത് കുടിയേറിയിട്ടുള്ള കർഷകർക്ക് വനഭൂമിയെന്ന കാരണത്താൽ 61 വർഷക്കാലമായി പട്ടയം ലഭിച്ചിട്ടില്ല എന്ന വിഷയത്തിൽ 10.01.2019ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ വെച്ച് യോഗം കൂടിയിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പെട്ടി വില്ലേജിലെ കുടിയേറ്റക്കാരുടെ ഭൂമി വനഭൂമിയ്ക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായും കണ്ടെത്തി. എന്നാൽ കോട്ടയം - പത്തനംതിട്ട ജില്ലാ അതിർത്തിയായി വരുന്ന നിബിഡ വന മേഖലയിൽ 34 ജണ്ടകൾ കൂടി പുനഃസ്ഥാപിക്കാനുണ്ടായിരുന്നു.തുടർന്ന്, കോഴിക്കോട് ജില്ലയിലെ മിനി സർവേ ടീമിനെ ഉപയോഗിച്ച് കൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവേ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി മാസം 22ാം തീയതി റവന്യൂ - വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് |
| (ബി) | എത്രപേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയ്ക്കാണ് പട്ടയം നൽകേണ്ടത്; | (ബി) | പട്ടയ നടപടികളുടെ ഭാഗമായി മല്ലപ്പള്ളി താലൂക്കിൽ 508 ഫയലുകൾ തയ്യാറാക്കിയിട്ടുണ്ട്. 101.03 ഹെക്ടർ ഭൂമിയാണ് പതിച്ചു നൽകുവാനായി തയ്യാറാക്കിയ പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) | പട്ടയ നടപടികളിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | പെരുമ്പെട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശംവച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ പരിധിക്ക് പുറത്താണോ പരിധിയ്ക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പരിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിയ്ക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസ്സിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം-പത്തനംതിട്ട ജില്ലാ അതിർത്തിയായി വരുന്ന നിബിഡ വന മേഖലയിലെ 34 ജണ്ടകൾ കൂടി പുനഃസ്ഥാപിക്കാനുണ്ടായിരുന്നു. തുടർന്ന്, കോഴിക്കോട് ജില്ലയിലെ മിനി സർവേ ടീമിനെ ഉപയോഗിച്ച് കൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവേ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി മാസം 22ാം തീയതി കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പെരുമ്പെട്ടി-പൊന്തൻപുഴ മേഖലകളിൽ പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും; വിശദവിവരം നൽകാമോ? | (ഡി) | പെരുമ്പെട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശംവച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ പരിധിക്ക് പുറത്താണോ പരിധിയ്ക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പരിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിയ്ക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസ്സിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം-പത്തനംതിട്ട ജില്ലാ അതിർത്തിയായി വരുന്ന നിബിഡ വന മേഖലയിലെ 34 ജണ്ടകൾ കൂടി പുനഃസ്ഥാപിക്കാനുണ്ടായിരുന്നു. തുടർന്ന്, കോഴിക്കോട് ജില്ലയിലെ മിനി സർവേ ടീമിനെ ഉപയോഗിച്ച് കൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവേ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി മാസം 22ാം തീയതി കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പെരുമ്പെട്ടി-പൊന്തൻപുഴ മേഖലകളിൽ പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ